(എ) 28.05.2000-ൽ മുല്ലപ്പെരിയാർ ജലസംഭരണിയുടെ പാട്ടക്കാലാവധി കഴിഞ്ഞുവോ;

(ബി) എങ്കിൽ പുതിയ കരാർ ഉണ്ടാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരം വ്യക്തമാക്കുമോ;

(സി) കരാർ പുതുക്കി നിശ്ചയിക്കുന്നതിൽ തമിഴ്നാടിന്റെ ഭാഗത്തു നിന്നുണ്ടായ പ്രതികരണം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കരാർ പുതുക്കുമ്പോൾ കേരളത്തിനുണ്ടായിട്ടുള്ള ഭൂമിയുടെയും വനത്തിന്റെ പ്രജനനം ഇല്ലായ്മയ്ക്കും ഈ ഭാഗത്ത് സംഭരിക്കാമായിരുന്ന വെള്ളത്തിന്റെ നഷ്ടവും കൂടി കണക്കിലെടുത്ത് പാട്ടത്തുക നിശ്ചയിക്കുവാൻ നടപടിയെടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ-ഡി) ഇല്ല, 1970-ൽ മുല്ലപ്പെരിയാർ പാട്ടക്കരാറിൽ വരുത്തിയ ഭേദഗതിക്കരാർ പ്രകാരം പാട്ടത്തുക ഓരോ മുപ്പത് വർഷം കൂടുമ്പോഴും പുതുക്കി നിശ്ചയിക്കാൻ വ്യവസ്ഥയുണ്ട്. അതനുസരിച്ച് 28.05.2000.ൽ പാട്ടത്തുക പുതുക്കാൻ സമയമായി. പെരിയാർ പാട്ടക്കരാറിന്റെ നിയമസാധുത അടക്കമുള്ള നിയമപ്രശ്നങ്ങൾ കൂടി പരിശോധിച്ചിട്ട് മാത്രമേ ഇതിൽ അവസാന തീരുമാനമെടുക്കാനാകൂ.

8 (*7) മലയോര ടൂറിസം വികസനം

ശ്രീ. പി.നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. കെ.പി.രാജേന്ദ്രൻ :
ശ്രീ. എം.നാരായണൻ (ഹോസ്ദുർഗ്) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ-സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര പ്രദേശങ്ങളെ ഏകോപിപ്പിച്ച് ടൂറിസം വികസനത്തിനുള്ള ഏതെങ്കിലും പദ്ധതി സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കോ ടൂറിസം പദ്ധതിയിൽ എന്തൊക്കെയാണ് വിഭാവനം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) കൊല്ലം ജില്ലയിലെ തെന്മല കേന്ദ്രീകരിച്ച് വനം, ജലസേചനം എന്നീ വകുപ്പുകളുടെ സഹകരണത്തോടുകൂടി 'തെന്മല-ഇക്കോ ടൂറിസം' എന്ന ഒരു പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിയിൽ പക്ഷിനിരിക്ഷണം, ട്രെക്കിംഗ്, വനത്തിലൂടെയുള്ള കുതിര സവാരി. ആനസവാരി, വനനിരിക്ഷണം, വനത്തിലെ ഗുഹയ്ക്കുള്ളിൽ താമസം, വന്യജീവികളെക്കുറിച്ചുള്ള ശാസ്ത്രിയ പഠനം, വനവൃക്ഷങ്ങളിൽ ഏറുമാടം കെട്ടിതാമസം, റോക്ക് ക്ലൈംബിംഗ്, മൗണ്ടൻ ബൈക്കിംഗ് നദികളിലൂടെ ചങ്ങാടത്തിലെ യാത്ര തുടങ്ങി അതാത് ഭൂപ്രകൃതിയ്ക്ക് അനുയോജ്യമായതും ഇക്കോ ടൂറിസ്റ്റുകൾക്ക് പുതിയ അനുഭവം പകരുന്നതുമായ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്. പരിസ്ഥിതി പഠനത്തിനും മുൻഗണന നൽകുന്നുണ്ട്.

(ഡി) ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ മുന്നോടിയായി കൊല്ലം, പത്തനംതിട്ട ജില്ലകളിലെ മലയോര പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് തെന്മല കേന്ദ്രീകരിച്ച് ഒരു ഇക്കോ ടൂറിസം വികസന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി 'തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റി' എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനവും തുടങ്ങിയിട്ടുണ്ട്. തെന്മലയ്ക്ക് പുറമേ പാലരുവി, അരിപ്പ, കുളത്തൂപ്പുഴ, പൊന്മുടി, അച്ചൻകോവിൽ, ആര്യൻകാവ്, കോന്നി, ഉമയാർ, പമ്പാ, കൊച്ചു പമ്പാ എന്നിവിടങ്ങളിലും തുടർ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശമുണ്ട്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടം ഒരു മാസത്തിനകം പൂർത്തിയാകുന്നതാണ്. തെന്മല ഡാമിന്റെ പരിസരത്ത് മ്യൂസിക്കൽ ഫൗണ്ടൻ, ആംഫി തിയേറ്റർ, എലിവേറ്റഡ് വാക്ക്വേ, നേച്ചർ ട്രെയിൻസ്, മൗണ്ടൻ ബൈക്കിംഗ്, സ്കൾപ്ച്ചർ ഗാർഡൻ, ബോർഡ്വാക്ക്, ലൈറ്റിംഗ്, തൂക്കുപാലം തുടങ്ങിയ സൗകര്യങ്ങൾ ഇതോടുകൂടി സജ്ജീകരിക്കപ്പെടും.

9 (*8) പൊതുവിതരണരംഗം

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം.മണി :
ശ്രീ. സി.എഫ്.തോമസ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ-സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിതരണരംഗം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) റേഷൻ വിലവർദ്ധനവിനെ തുടർന്ന് സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല എന്തൊക്കെ പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്രസർക്കാരിന്റെ 'അന്നപൂർണ്ണ' പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ' ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ ഫുഡ് കോർപ്പറേഷൻ ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ കെട്ടികിടക്കുന്ന സാഹചര്യം നിലവിലുണ്ടോ;

(എഫ്) കേന്ദ്ര ഗവൺമെന്റ് പുതുതായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 56 ലക്ഷം പേർക്കുകൂടി ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് പദ്ധതിയിട്ടിട്ടുള്ളതായി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly